പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2955 — 17.10.2016 -ൽ മറുപടിക്ക്.

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ ബി.പി.എൽ റേഷൻ കാർഡുകൾ

| ചോദ്യം<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ബി.പി.എൽ റേഷൻ കാർഡുകൾ ലഭ്യമല്ലാത്ത എത്ര ദരിദ്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) കൃത്യമായ വിവരം ലഭ്യമല്ല; എങ്കിലും പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുമ്പോൾ ഇത്തരത്തിലുള്ള എല്ലാ പരാതികളും പരിഹരിക്കുന്നതാണ്. |
| (ബി) എല്ലാ ദരിദ്ര കുടുംബങ്ങൾക്കും ബി.പി.എൽ റേഷൻ കാർഡ് ലഭ്യമാക്കാൻ പ്രത്യേക അദാലത്ത് സംഘടിപ്പിക്കുമോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) സംഘടിപ്പിക്കും. അർഹരായ എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉപയോഗിച്ച് സംസ്ഥാന തല റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക ഓൺലൈനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹരായ ആരെങ്കിലും ഉൾപ്പെടാതെ വന്നിട്ടുണ്ടെങ്കിലോ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിലോ ആക്ഷേപങ്ങളും പരാതികളും താലൂക്ക് സപ്ലൈ ആഫീസുകളിൽ സമർപ്പിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ചെയർമാനായ വെരിഫിക്കേഷൻ കമ്മിറ്റികളും, അപ്പീൽ പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (സി) നിലവിൽ റേഷൻ കാർഡുകൾ ആധാർബന്ധിതമാക്കുമ്പോൾ ആധാർ രേഖകളിലെ അപാകതകൾ ഈ സംവിധാനത്തെ മൊത്തം തകരാറിലാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. |
| (ഡി) ഇതേക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ